നമ്പർ. എൻ.ഇ.പി (3)/.81778/2015/പരീക്ഷ . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

തീയതി: .15.10.2015

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - ഹൈസ്കൂൾ ക്ലാസുകളിലെ 2015-16 അധ്യയനവർഷത്തെ അർദ്ധവാർഷിക ഐ.ടി. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 14.10.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ.പി-(3)/49375/2013 നമ്പർ സർക്കുലർ.

ഹൈസ്കൂൾ ക്ലാസുകളിലെ 2015-2016 അധ്യയന വർഷത്തെ ഐ.ടി പരീക്ഷ മുൻവർഷങ്ങളിലെപ്പോലെ നടത്തുന്നതിന് എസ്.സി.ഇ.ആർ.ടിയുടെ സഹായത്തോടെ ഐടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഈ വർഷവും ഉപയോഗിക്കുന്നത്. 8, 9, 10 ക്ലാസുകളിൽ ഈ വർഷം നടത്തേണ്ട അർദ്ധവാർഷിക ഐ.ടി. പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) ഐ.ടി പരീക്ഷ ഗ്നു/ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തുന്നത്.
2) പരീക്ഷാ സമയം ഒരു മണിക്കൂർ ആയിരിക്കും.
3) തിയറി, പ്രാക്ടിക്കൽ ഭാഗങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറിൽ തന്നെയാണ് നടത്തേണ്ടത്.
4) ഐടി@സ്കൂൾ ഉബുണ്ടു 10.04/12.04/14.04 ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ (ഐ.ടി@സ്കൂൾ പ്രോജക്ട് സ്കൂളുകൾക്ക് ഔദ്യോഗികമായി വിതരണം ചെയ്ത ഓപ്പറേറ്റിംഗ് സിസ്റ്റം) പ്രവർത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ (സിഡി) 2015 ഒക്ടോബർ 15-നു മുമ്പ് ഐടി@സ്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതാണ്.
5) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒരുക്കേണ്ടതാണ്. ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് ഇത് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ജില്ലയിലെ ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
6) സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന സി.ഡി.യിൽ 8, 9, 10 ക്ലാസുകളിലെ അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള സോഫ്റ്റ്‌വെയറാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
7) സ്കൂളുകൾക്കുള്ള പാസ്‌വേഡുകൾ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർക്കും മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർക്കും ലഭ്യമാക്കുന്നതാണ്. ഇത് പ്രഥമാധ്യാപകരുടെ യോഗത്തിൽ അതത് സ്കൂളുകൾക്ക് നൽകേണ്ടതാണ്.
8) അർദ്ധവാർഷിക ഐടി പരീക്ഷ 2015 ഒക്ടോബർ 19-ന് തുടങ്ങി 2015 നവംബർ 21-ന് മുമ്പ് പൂർത്തിയാക്കേണ്ടതും 8, 9, 10 ക്ലാസുകളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തുവെന്ന് ഹെഡ്മാസ്റ്റർ ഉറപ്പാക്കേണ്ടതുമാണ്.
9) അർദ്ധവാർഷിക ഐടി പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുള്ള പാഠഭാഗങ്ങൾ, സ്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (1)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് എല്ലാ കുട്ടികളെയും അറിയിക്കേണ്ടതും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

10) കേൾവിക്കുറവുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ (Special Schools for Hearing Impaired Students) ഐ.ടി പരീക്ഷയുള്ള പ്രത്യേക സോഫ്റ്റ്‌വെയർ പ്രസ്തുത സ്കൂളുകൾക്ക് ഐ.ടി@സ്കൂൾ പ്രോജക്ട് ലഭ്യമാക്കുന്നതാണ്.

11) സ്കൂളുകൾക്ക് നൽകുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സി.ഡി പരീക്ഷയ്ക്കുശേഷം ഹെഡ് മാസ്റ്റർ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

12) സ്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ സ്കൂളിനു പുറമേ പരസ്യപ്പെടുത്തുകയില്ലായെന്ന് ഉറപ്പുവരുത്തേണ്ട പൂർണ ഉത്തരവാദിത്തം സ്കൂൾ ഹെഡ് മാസ്റ്റർമാർക്കാണ്.

13) പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർ ഷീറ്റിന്റെ പ്രിന്റൗട്ടും മുഴുവൻ കുട്ടികളുടെയും റിസൽറ്റ് അടങ്ങിയ Export file, മുഴുവൻ കുട്ടികളുടെയും റിസൽറ്റ് അടങ്ങിയ PDF ഫയലുകൾ, School Registration Details-ന്റെ ഫയൽ, എന്നിവ പകർത്തിയ സി.ഡിയുടെ ഒരു കോപ്പിയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സ്കൂൾ ഐടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് പരിശോധനയ്ക്കും വിലയിരുത്തലിനുമായി 2015 നവംബർ 25-നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

14) ഐടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർ വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രസ്തുത സിഡിയും പ്രിന്റൗട്ടും ശേഖരിച്ച് ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

15) ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർമാർ, മാസ്റ്റർ ട്രെയിനർമാരുടെ സഹായത്തോടെ ഓരോ സ്കൂളിന്റെയും സിഡിയിലുള്ള മാർക്ക് ലിസ്റ്റ്, മറ്റു ഫയലുകൾ എന്നിവ പരിശോധിച്ച് സ്കൂളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഐടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 2015 നവംബർ 30-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഐടി @ സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
സ്റ്റോക്ക് ഫയൽ

## അനുബന്ധം (1)

### 8, 9, 10 ക്ലാസുകളിലെ അർദ്ധവാർഷിക ഐടി പരീക്ഷയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ

ഐ ടി പരീക്ഷയ്ക്ക് തിയറി, പ്രാക്ടിക്കൽ എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തിയറി-പ്രാക്ടിക്കൽ ഭാഗങ്ങൾ കമ്പ്യൂട്ടറിൽ തന്നെ ചെയ്യാൻ കഴിയുന്ന രീതിയിലാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.

**സ്കോറും മൂല്യനിർണയവും**

ഐ ടി പരീക്ഷയ്ക്ക് 50 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 10 സ്കോർ തിയറി ഭാഗത്തിനും 28 സ്കോർ ഐടി ശേഷികൾ പരിശോധിക്കുന്ന പ്രാക്ടിക്കൽ ഭാഗത്തിനും 2 സ്കോർ ഐടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും 10 സ്കോർ തുടർ മൂല്യനിർണയ പ്രവർത്തനങ്ങൾക്കുമാണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 28 സ്കോറിനുള്ള പ്രാക്ടിക്കൽ ഭാഗത്തിന്റെ ഉല്പന്നങ്ങളും പരീക്ഷ നടത്തുന്ന അധ്യാപകർ തന്നെ മൂല്യനിർണയം നടത്തേണ്ടതാണ്. അധ്യാപകന്റെ മൂല്യനിർണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. തിയറി ഭാഗത്തിന്റെ മൂല്യനിർണയം സോഫ്റ്റ്‌വെയർ മുഖേന നടത്തുന്നതാണ്.

ഐ.ടി പരീക്ഷയുടെ സമയം 1 മണിക്കൂർ ആണ്. (സമാശ്വാസ സമയം ഉൾപ്പെടെ)

**ഭാഗം I – തിയറി**

തിയറി ഭാഗത്തിന്റെ സ്കോർ 10 ആണ്. 8, 9 ക്ലാസുകളിൽ ആദ്യത്തെ ആറ് യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളും 10 ആം ക്ലാസിൽ ആദ്യത്തെ അഞ്ച് യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളുമാണ് അർദ്ധവാർഷിക പരീക്ഷയുടെ തിയറി ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്ന് വിഭാഗങ്ങളിലുള്ള ചോദ്യങ്ങളാണ് ഈ ഭാഗത്ത് ഉണ്ടാവുക. അവ ചുവടെ ചേർത്തിരിക്കുന്നു.

വിഭാഗം 1 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് ½ സ്കോറാണ്, 8 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 2 : തന്നിരിക്കുന്നവയിൽ നിന്നും ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾക്ക് 1 സ്കോറാണ്, 4 ചോദ്യങ്ങളുണ്ടാകും.

വിഭാഗം 3 : കുറിപ്പ് തയ്യാറാക്കുന്നതിനുള്ള ചോദ്യങ്ങളാണിവ. തന്നിരിക്കുന്ന രണ്ട് ചോദ്യങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒന്നിനെക്കുറിച്ച് ലഭ്യമാകുന്ന നാല് ഉത്തര സെറ്റുകളിൽ ഓരോ സെറ്റിൽ നിന്നും ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുത്താണ് കുറിപ്പ് പൂർത്തിയാക്കേണ്ടത്. 2 സ്കോറാണ് ഈ വിഭാഗത്തിനുള്ളത്.

**ഭാഗം II – പ്രാക്ടിക്കൽ**

പ്രാക്ടിക്കൽ ഭാഗത്തിന്റെ സ്കോർ 28 ആണ്. നാല് വിഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ചോദ്യങ്ങളിൽ, ഓരോ വിഭാഗത്തിലും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകേണ്ടത്. 8, 9, 10 ക്ലാസുകളിലെ അർദ്ധവാർഷിക പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠഭാഗങ്ങളും ഓരോ പാഠഭാഗത്തിനുമുള്ള സ്കോറും ചുവടെചേർത്തിരിക്കുന്നു.

## ക്ലാസ് - VIII

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | വരകൾ വർണ്ണങ്ങൾ (ജിമ്പ്) | 2 | 1 | 7 |
| 2 | നമുക്കൊരു ക്ലാസ് പത്രിക (ഓപ്പൺ ഓഫീസ്) | 2 | 1 | 7 |
| 3 | സമയമേഖല അറിയാൻ (സൺക്ലോക്ക്) | 2 | 1 | 7 |
| 4 | രസതന്ത്ര പഠനം രസകരമാക്കാം (Kalzium, Ghemical) | 2 | 1 | 7 |
| | പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | 2 |
| | ആകെ സ്കോർ | | | **30** |

## ക്ലാസ് - IX

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | നിറപ്പകിട്ടാർന്ന ലോകം (ജിമ്പ്) | 2 | 1 | 7 |
| 2 | വിവരശേഖരണവും വിശകലനവും (ഓപ്പൺ ഓഫീസ്) | 2 | 1 | 7 |
| 3 | ഗണിത കൗതുകങ്ങൾ (ജിയോജിബ്ര) | 2 | 1 | 7 |
| 4 | വെബ് പേജുകളുടെ രഹസ്യം, ആന്ദോളനം ദോലനം (Web page, phET, Kalzium) | 2 | 1 | 7 |
| | പ്രാക്ടിക്കൽ വർക്ക്ബുക്ക് | | | 2 |
| | ആകെ സ്കോർ | | | 30 |

## ക്ലാസ് - X

| വിഭാഗം | പാഠഭാഗം | സോഫ്റ്റ്‌വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നൽകേണ്ട ചോദ്യങ്ങൾ | സ്കോർ |
|---|---|---|---|---|
| 1 | മിഴിവാർന്ന ചിത്രലോകം (ഇങ്ക്സ്കേപ്പ്) | 2 | 1 | 7 |
| 2 | എന്റെ വിഭവ ഭൂപടം, കമ്പ്യൂട്ടർ എന്ന യന്ത്രം (ക്യൂജിസ്, ഓപ്പറേറ്റിംഗ് സിസ്റ്റം) | 2 | 1 | 7 |
| 3 | വിവരവിശകലനത്തിന്റെ പുതുരീതികൾ (ഓപ്പൺ ഓഫീസ്) | 2 | 1 | 7 |
| 4 | കമ്പ്യൂട്ടർ ഭാഷ (പൈത്തൺ) | 2 | 1 | 7 |
| | പ്രാക്ടിക്കൽ വർക്ക്ബുക്ക് | | | 2 |
| | ആകെ സ്കോർ | | | **30** |

പരീക്ഷയുടെ പ്രാക്ടിക്കൽ ഭാഗത്ത് ഓപ്പൺ ഓഫീസ് സോഫ്റ്റ്‌വെയറിനു പകരം ഐടി@സ്കൂൾ ഓപ്പറേറ്റിംഗ് സിസ്റ്റത്തിലുള്ള ലിബർ ഓഫീസും ഉപയോഗിക്കാവുന്നതാണ്.